പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.2565

09.07.2015 ൽ

മറുപടിക്ക്

# സർക്കാർ ഭൂമി കൈയ്യേറി ഖനനം

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):

ശ്രീ.കെ.വി.അബ്ദുൾ ഖാദർ :

ശ്രീ.സാജു പോൾ :

ശ്രീ.എ.എം.ആരിഫ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ ഭൂമി കയ്യേറി വ്യാപകമായി ഖനന പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ഭൂമി കൈയ്യേറി വ്യാപകമായി ഖനന പ്രവർത്തനങ്ങൾ നടത്തുന്നത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ വി-കോട്ടയം വില്ലേജിലും, റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിലുമാണ് സർക്കാർ ഭൂമി കയ്യേറി അനധികൃത പാറഖനനം നടത്തുന്നത്. എറണാകുളം ജില്ലയിൽ നിലവിൽ ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. മുൻകാലങ്ങളിൽ നടന്ന കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുകയും പാറവിലയും റോയൽറ്റിയും ഈടാക്കിയിട്ടുള്ളതുമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കാലങ്ങളായി ഇത്തരത്തിൽ അന്യാധീനപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) | അനധികൃത ഖനന പ്രവർത്തനത്തിനെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഇത്തരം പരാതികളിന്മേൽ മേൽ ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർമാർ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിൽ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നിരോധന ഉത്തരവ് |

| | | | |
|---|---|---|---|
| | | | നൽകുകയും കക്ഷികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് വകുപ്പിന് നിർദ്ദേശം നൽകി വരുന്നു.<br>പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ സർക്കാർ ഭൂമി കയ്യേറി 30 ക്യൂ.മീ. പാറ ഖനനം നടത്തിയത് റോയൽറ്റി ഇനത്തിൽ ക്യൂ.മീ.40/- രൂപയിനത്തിൽ 1200/- രൂപയും പിഴയായി 5000/- രൂപയും വിം റോക്ക് ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിന്റെ ഉടമയിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്. വി-കോട്ടയം വില്ലേജിലെ അനധികൃത പാറഖനനം കണ്ടെത്തുന്നതിനായി സർവ്വേ നടപടി തുടർന്നുവരുന്നു. വടശ്ശേരിക്കര വില്ലേജിൽ മോഡേൺ റോക്ക് മൈനിംഗ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം സർക്കാർ പുറമ്പോക്ക് കയ്യേറി പാറപൊട്ടിച്ചതുമായി ബന്ധപ്പെട്ട് എൽ.സി.കേസ് രജിസ്റ്റർ ചെയ്ത് 32,34,872/-രൂപയും 2,71,43,122/- രൂപയും ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ഇതിനെതിരെ ടി സ്ഥാപന ഉടമ ശ്രീ.കെ.ജെ.തോമസ് കുട്ടി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതും തുക ഈടാക്കുന്നത് കോടതി സ്റ്റേ ചെയ്തിട്ടുള്ളതും, ടി കേസിൽ നടപടി നടന്നുവരുന്നതുമാണ്. കോഴിക്കോട് ജില്ലയിൽ അനധികൃത കയ്യേറ്റം നടത്തി ഖനനം നടത്തിയതിന് IPC Section 378, 379 പ്രകാരം മോഷണ കുറ്റം ചുമത്തി CRPC Section 320 - ന്റെ അടിസ്ഥാനത്തിൽ 1,45,97,100/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. ഇ കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) | മൂക്കുന്നിമലയിൽ ഖനനം നടക്കുന്ന പ്രദേശങ്ങൾ സർവ്വെ നടത്തി സർക്കാർ ഭൂമിയിലുള്ള കയ്യേറ്റം കണ്ടെത്താൻ ശ്രമിക്കുമോ;<br>ഇതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇപ്പോൾ ഏത് | (സി) | മൂക്കുന്നി മലയിൽ അനധികൃത ഖനനം നടക്കുന്നതായ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വെ നടത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ കണ്ടെത്തുന്നതിന് വിജിലൻസ് / നെയ്യാറ്റിൻകര തഹസീൽദാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും |

| | | | |
|---|---|---|---|
| | അവസ്ഥയിലാണ്; | | ആയത് പ്രകാരം നടപടികൾ നടന്നുവരുന്നതുമാണ്. |
| (ഡി) | പാരിസ്ഥിതികാഘാതമുണ്ടാക്കുന്നതും പരിസരവാസികൾക്ക് ദോഷകരമായിട്ടുള്ളതുമായ അനധികൃത ഖനന പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അനധികൃത ഖനനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന എല്ലാ പരാതികളും ആയത് തടയുന്നതിന് അധികാരപ്പെടുത്തപ്പെട്ട ജിയോളജി വകുപ്പ് മുഖാന്തിരം അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |